بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 04.08.17 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 04.08.17 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്ത ആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും കൊണ്ട് ജൽസ സാലാന യു.കെ കഴിഞ്ഞ ആഴ്ച വളരെ ഭംഗിയായി നടന്നു. ജൽസയുടെ മൂന്നു ദിനങ്ങളിലും ഞങ്ങൾ ദൈവാനുഗ്രഹത്തിന്റെ ദൃശ്യം കാണുകയുണ്ടായി. അല്ലാഹുവിന്റെ സഹായവും കാരുണ്യവും സദാ ഇറങ്ങിക്കൊണ്ടിരുന്നുവെന്ന് പങ്കെടുത്ത ഓരോരുത്തരും അനുഭവിച്ചറിഞ്ഞു. ഇതിൽ എത്ര തന്നെ അല്ലാഹുവിന് നന്ദി പറഞ്ഞാലും മതിയാവില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കൂടുതൽ കരസ്ഥമാക്കുന്നതിന് പ്രവർത്തകരും അതുപോലെ തന്നെ പങ്കെടുത്തവരും അല്ലാഹുവിന് നന്ദി പറയേണ്ടതാണ്. അതുപോലെത്തന്നെ സേവനത്തിനായി നിശ്ചയിക്കപ്പെട്ടവർ പങ്കെടുത്തവരോടും നന്ദി പറയേണ്ടതാണ്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: സാഹോദര്യത്തിന്റെയും നന്ദിപ്രകടനത്തിന്റെയും മാതൃകാപരമായ വികാരങ്ങൾ പരസ്പരം സംജാതമാക്കുക എന്നതാണ് ജൽസ സാലാനയുടെ ലക്ഷ്യങ്ങളിൽ ഒന്ന്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഈ വികാരങ്ങൾ നാം സ്വന്തക്കാരോടും അന്യരോടും പ്രകടിപ്പിക്കുമ്പോൾ, അത് വരുന്ന ഓരോ അതിഥിയെയും സ്വാധീനിക്കുന്നു. വൈജ്ഞാനികവും മതപരവുമായ പരിപാടികളെ കൂടാതെ ഓരോ അഹ്മദിയുടെയും കർമമാതൃക പുറത്തുനിന്ന് വരുന്നവരെ അങ്ങേയറ്റും ആകർഷിക്കുന്നു. ഇസ്ലാമികധ്യാപനത്തിന്റെ യഥാർഥ മാതൃക ഞങ്ങൾ ജൽസയിൽ ദർശിച്ചു, അത് ഞങ്ങളെ വളരെയധിനം സ്വാധീനിച്ചു എന്നവർ പ്രകടിപ്പിക്കുകയും ചെയ്യുന്നു. അനഹ്മദികളായ അതിഥികൾ അവരുടെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഈ ചുറ്റുപാടുകളെ കണ്ടു കൊണ്ട് അവർ പ്രകടിപ്പിച്ച ചില പ്രതികരണങ്ങൾ ഞാൻ ഇപ്പോൾ സമർപ്പിക്കുന്നതാണ്. ഇതാണ് ഇസ്ലാമിന്റെ അധ്യാപനമെങ്കിൽ ഈ അധ്യാപനം ലോകത്തു പ്രചരിക്കേണ്ടതുണ്ട് എന്നവർ പരസ്യമായി തന്നെ പറയുകയുണ്ടായി.

ബെനീനിലെ മുൻ വിദേശകാര്യ മന്ത്രിയും നിയമോപദേഷ്ടാവുമായ മറിയം ബോനി ജിയാലു സാഹിബ പറയുന്നു: ഈ ജൽസയിലൂടെ എനിക്ക് അഹ്മദിയ്യാ ജമാഅത്തിനെ ആഴത്തിൽ മനസ്സിലാക്കാനുള്ള അവസരം ലഭിച്ചു. ജൽസയുടെ സംവിധാനത്തിൽ ഞാൻ വളരെ ആകൃഷ്ടയായി. പ്രവർത്തകരുടെ സംഘാടന നിലവാരം വളരെ ഉയർന്നതായിരുന്നു. പ്രവർത്തകരുടെ ആത്മാർഥത കണ്ട് ഞാൻ അദ്ഭുതപ്പെട്ടു. ഞാൻ സംഘടാനാ തലത്തിൽ പരിശോധന നടത്തി. പറയുന്നു: ഇത്ര വലിയ ജൽസയിൽ എനിക്ക് ഒരു ന്യൂനതയും കാണാനായില്ല. പറയുന്നു: ഞാൻ പ്രവർത്തകരിലേക്ക് നോക്കുമ്പോൾ ചെറിയവരും വലിയവരും വൃദ്ധരും യുവാക്കളും സ്ത്രീകളും പുരുഷന്മാരും ആയ സമൂഹത്തിലെ എല്ലാ ശ്രേണിയിലുമുള്ള ആളുകളെ മറ്റുള്ളവരുടെ സുഖത്തിനു വേണ്ടി ആകാംക്ഷാഭരിതരായി കാണുന്നു. എല്ലാവരും സ്വന്തം സുഖം മറന്നു കൊണ്ട് മറ്റുള്ളവർക്ക് സുഖസൗകര്യങ്ങൾ എത്തിക്കാൻ തയ്യാറായിരുന്നു. പറയുന്നു: അഹ്മദിയ്യത്ത് അവതരിപ്പിക്കുന്ന ഇസ്ലാമിനു മാത്രമേ ലോകത്തിന് സമാധാനം നല്കാൻ കഴിയൂ. ലോകപ്രശ്നങ്ങൾക്കുള്ള പരിഹാരവും ഇതിലാണ്. വീണ്ടും പറയുന്നു: അഹ്മദിയ്യാ ഇമാമിന്റെ സ്ത്രീകളോടുള്ള പ്രഭാഷണം എന്റെ ചിന്തയെ ആഴത്തിൽ സ്പർശിച്ചു. മറ്റു മുസ്ലിം സംഘടനകളെ സംബന്ധിച്ചിടത്തോളം സ്ത്രീ ഒരടിമയിൽ കവിഞ്ഞ സ്ഥാനം അർഹിക്കുന്നില്ല. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ പ്രഭാഷണത്തിൽ സ്ത്രീകൾക്ക് ഗുരുവിന്റെ സ്ഥാനമാണ് കല്പിച്ചിരിക്കുന്നത്. ഭാവി തലമുറയുടെ ശിക്ഷണവും വിദ്യാഭ്യാസവും അവരുടെ ചുമതലയാണ്. അതിലാണ് ലോകത്തിന്റെ ഭാവി.

അതുപോലെ ഗോയിട്ട മാലയുടെ ദേശീയ പാർലിമെന്റ് അംഗം എലീനാ കേൽസ് തന്റെ പ്രതികരണം ഇപ്രകാരം അറിയിച്ചു: ജൽസയിൽ പങ്കെടുത്തത് അദ്ഭുതകരമായ അനുഭവമായിരുന്നു. ഇസ്ലാമിനെ സംബന്ധിച്ചും അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചുമുള്ള എന്റെ ചിന്തകളിൽ വലിയ മാറ്റം ഉളവായിരിക്കുന്നു. ഇസ്ലാം തീവ്രവാദത്തിന്റെയും വെറുപ്പിന്റെയും പാഠങ്ങളാണ് നല്കുന്നത് എന്ന ഭയാനകവും മോശവുമായ ചിത്രമാണ് മാധ്യമങ്ങൾ അതിനെക്കുറിച്ച് നല്കിയിരിക്കുന്നത്. പക്ഷേ, ഞങ്ങൾക്ക് ഈ ജൽസയിൽ ഇസ്ലാമിന്റെ ശാന്തിസമ്പൂർണവും മനോഹരവുമായ പ്രായോഗിക ദൃശ്യങ്ങളാണ് കാണാനായത്. ആയിരക്കണക്കിന് പ്രവർത്തകർ അതിഥികളെ സേവിച്ചു കൊണ്ടുള്ള ദൃശ്യം അദ്ഭുതപ്പെടുത്തുന്നതായിരുന്നു. പറയുന്നു: ഇപ്പോൾ ഞാൻ ഇസ്ലാമിന്റെ സമാധാനപൂർണമായ സുന്ദര അധ്യാപനങ്ങളുടെ ചിത്രവുമായിട്ടാണ് തിരിച്ചു പോകുന്നത്.

അതുപോലെ കോസ്റ്റോരിക്കയുടെ നാഷണൽ യൂണിവേഴ്സിറ്റി പ്രൊഫസർ സർ യജ്യൂമ ജൽസയിൽ പങ്കെടുത്തു. പറയുന്നു: ഞാൻ ഈ ജൽസയിലൂടെ ഇസ്ലാമിന്റെ പുതിയ രൂപമാണ് കണ്ടത്. പരസ്പര സ്നേഹത്തിൽ സമാനതകളില്ലാത്ത, തന്റെ വിശ്വാസത്തിന്റെ കർമപരമായ ദൃശ്യം അവതരിപ്പിക്കുന്ന ഒരു പ്രസ്ഥാനത്തെയാണ് ഞാൻ കണ്ടത്. തങ്ങളുടെ മുദ്രാവാക്യം ശരിയായ നിലയിൽ പ്രയോഗവത്

ക്കരിച്ചു കൊണ്ട് ഇസ്‌ലാമിന്റെ യഥാർഥവും മനോഹരവുമായ പ്രായോഗിക രൂപമാണ് അഹ്മദിയ്യാ ജമാഅത്ത് അവതരിപ്പിക്കുന്നതെന്ന് ഞാനെന്റെ സുഹൃത്തുക്കളോടും വിദ്യാർഥികളോടും പറയുന്നതാണ്. ഹുസൂർ പറയുന്നു: ഈ വരുന്ന ആളുകൾ നമ്മുടെ തബ്ലീഗിനുള്ള മാർഗമായിത്തീരുന്നു.

കോസ്റ്ററീക്കയുടെ പാർലിമെന്റ് മെമ്പറുടെ ഉപദേശകൻ ഡഗ്ലസ്സ് മോണ്ടി റുസു സാഹിബ് പറയുന്നു: ഞാൻ ജൽസാ സാലാനയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം വളരെ ശ്രദ്ധയോടെ കേട്ടു. സ്വന്തം ശത്രുക്കൾക്ക് മാപ്പു നല്കിയും അവർക്കു വേണ്ടി ദുആ ചെയ്തു കൊണ്ടും ഹൃദയത്തെ വെറുപ്പിൽ നിന്നും വിദ്വേഷത്തിൽ നിന്നും ശുദ്ധീകരിക്കാം എന്ന് പറഞ്ഞത് എന്നെ ഹഠാദാകർഷിച്ചു. ഈ അധ്യാപനമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിരിക്കുന്നത്. പറയുന്നു: ഈ കാര്യങ്ങളിലൂടെ മാത്രമേ ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയൂ. ഈ പ്രഭാഷണങ്ങളിലൂടെ എനിക്ക് ആത്മീയവും കർമപരവുമായ ഗുണം ലഭിക്കുകയുണ്ടായി. ഇസ്‌ലാമിന്റെ യഥാർഥവും പ്രായോഗികവുമായ രൂപം കാണാൻ എനിക്ക് ഈ ജൽസയിൽ സാധിച്ചു.

ക്രൊയേഷ്യക്കാരിയായ കത്രീന സാലിക് സാഹിബ ജൽസയിൽ പങ്കെടുത്തിരുന്നു. അവർ പറയുന്നു: ഞാൻ മുൻപ് ചർച്ചിലെ പുരോഹിതയായിരുന്നു. ഇപ്പോൾ ഞാൻ സത്യം അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. പറയുന്നു: ജൽസയുടെ ഈ അന്തരീക്ഷവും ഇവിടെ സംഘടിപ്പിച്ചിട്ടുള്ള പ്രദർശനങ്ങളും ജമാഅത്തിനെ സംബന്ധിച്ച മറ്റു കാര്യങ്ങളും എന്റെ മനസ്സിന് വെളിച്ചം നല്കിയിരിക്കുന്നു. സത്യത്തെ തേടിയുള്ള എന്റെ യാത്ര താമസിയാതെ ലക്ഷ്യം കാണുമെന്നാണ് എനിക്ക് തോന്നുന്നത്. പറയുന്നു: അഹ്മദിയ്യാ ഇമാമിന്റെ പ്രഭാഷണം എന്റെ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചിരിക്കുകയാണ്.

കഴിഞ്ഞ വർഷം ക്രൊയേഷ്യയിൽ നിന്ന് പ്രായം ചെന്ന ദമ്പതികൾ വന്നിരുന്നു. ഈ വർഷവും ജൽസയിൽ പങ്കെടുത്തു. സന്ദർശന വേളയിൽ അവർ എന്നോട് പറഞ്ഞു: കഴിഞ്ഞ വർഷം ഞങ്ങൾ സാധാരണ മുസ്‌ലിംകൾ എന്ന നിലയിലായിരുന്നു പങ്കെടുത്തിരുന്നത്. എന്നാൽ ഈ വർഷം അഹ്മദി മുസ്‌ലിംകൾ എന്ന നിലയിലാണ് പങ്കെടുത്തത്.

ഹുസൂർ തിരുമനസ്സ് ഒരുപാട് അതിഥികളുടെ പ്രതികരണങ്ങൾ വിവരിച്ചു കൊണ്ട് പറഞ്ഞു: മറ്റുള്ളവരിൽ ഉണ്ടാകുന്ന ജമാഅത്തിന്റെ ഈ സ്വാധീനം സാധാരണ സന്ദർഭങ്ങളിലും നിലനിർത്താൻ ശ്രമിക്കേണ്ടതാണ്. ഓരോ അഹ്മദിയുടെയും വലിയ ഉത്തരവാദിത്തമാണത്. ഇത് ഏതാനും ദിവസത്തേക്കുള്ള കാണിച്ചുകൂട്ടൽ മാത്രമാകരുത്. മറിച്ച്, എന്നും അതിന്റെ സ്വാധീനം നിലനില്ക്കുന്നതാകണം.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: മറ്റുള്ളരുടെ ചില പ്രതികരണങ്ങളാണിവ. ഭരണനേതാക്കളായ ചില മുസ്‌ലിംകൾ പ്രതിനിധികളായി പങ്കെടുത്തിരുന്നു. അവരുടെ ചില പ്രതികരണങ്ങൾ സമർപ്പിക്കാം.

ഗനികനാക്കരി നാഷണൽ അസംബ്ലിയുടെ വൈസ് പ്രസിഡന്റ് അൽഹാജ് മുഹമ്മദ് സലീം സാഹിബ് പറയുന്നു: എനിക്ക് ഹജ്ജ് ചെയ്യാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. ഇസ്‌ലാമിക രാജ്യങ്ങളുടെ ഒരുപാട് മതപരിപാടികളിൽ ഞാൻ പങ്കെടുത്തിട്ടുമുണ്ട്. എന്നാൽ ഇത്ര ഉദാത്തവും ശ്ലാഘനീയവുമായ സംവിധാനം ഞാൻ എവിടെയും കണ്ടിട്ടില്ല. ഇസ്‌ലാമിന്റെ യഥാർഥ ആത്മാവാണ് എനിക്കിവിടെ കാണാൻ സാധിച്ചത്. നിങ്ങൾ നിങ്ങളുടെ പ്രവർത്തനങ്ങളിൽ വളരെ മുന്നിലാണ്. ശരിയായ പാതയിൽ തന്നെയാണ് നിങ്ങൾ ചരിക്കുന്നതും. പറയുന്നു: നിങ്ങളുടെ പിന്നിൽ ദൈവത്തിന്റെ കരങ്ങളുണ്ടെന്ന് എനിക്ക് ഉറപ്പാണ്.

സറാല്യൂണിലെ പാർലിമെന്റംഗം അലി ക്ലാകോ സാഹിബ് പറയുന്നു: ഇസ്‌ലാമിന്റെ യഥാർഥ ചിത്രം അഹ്മദിയ്യത്ത് തന്നെയാണ്. സമാധാനത്തിനു വേണ്ടി ശ്ലാഘനീയമായ ശ്രമങ്ങളാണ് അഹ്മദികൾ നടത്തുന്നത്. ഇക്കാലത്ത് ഇസ്‌ലാമിന്റെ പേര് എല്ലായിടത്തും തീവ്രവാദത്തോടാണ് ചേർത്ത് പറയുന്നത്. എന്നാൽ അഹ്മദികൾ ഈ ചിന്താഗതി തെറ്റാണെന്ന് തെളിയിച്ചു കൊണ്ടിരിക്കുന്നു. ജൽസയുടെ സംവിധാനം വളരെ നന്നായിരുന്നു. ചെറിയ കുട്ടികൾ പോലും സേവനത്തിനായി സന്നദ്ധരായിരുന്നു. ഹൃദ്യമായ കാഴ്ചയായിരുന്നു അത്. അഹ്മദിയ്യാ ജമാഅത്തിന്റെ സത്യത തെളിയിക്കാൻ മതിയായ ദൃശ്യമാണിത്.

തുർക്മെനിസ്താനിലെ സുഹൃത്ത് അബ്ദുൽ റഷീദ് സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. പറയുന്നു: ഞാൻ ലണ്ടനിലെത്തിയതു മുതൽ സ്വന്തം മാതാപിതാക്കളുടെയും കുടുംബത്തിന്റെയും കൂടെ കഴിയുന്നതു പോലുള്ള സ്നേഹവികാരമാണ് എനിക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. പറയുന്നു: ജൽസയിൽ പങ്കെടുത്തു കൊണ്ട് എനിക്ക് ഒരു കാര്യം മനസ്സിലായി. ഞാൻ ജീവിതം മുഴുവനും ദൈവത്തെ അന്വേഷിച്ചു കൊണ്ടാണ് കഴിച്ചു കൂട്ടിയത്. ഇവിടെ വന്നപ്പോൾ മാത്രമാണ് എനിക്ക് അല്ലാഹുവിനെ ലഭിച്ചത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഗോള ബൈഅത്തിന്റെ അവസരത്തിൽ അനുസരണ പ്രതിജ്ഞ ചെയ്യാൻ ഭാഗ്യമുണ്ടായി.

ഹുസൂർ പറയുന്നു: ചില നവഅഹ്മദികൾക്ക് സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ദൃശ്യം കാണുമ്പോൾ അവരുടെ വിശ്വാസം കൂടുതൽ വർദ്ധിക്കുന്നു. ജമൈക്കയിൽ നിന്ന് പങ്കെടുത്ത നവഅഹ്മദി വിൻസൻ വില്യം എന്ന സ്ത്രീ പറയുന്നു: ജൽസ സാലാനയിലെ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ, പ്രത്യേകിച്ചും ആഗോള ബൈഅത്ത് വളരെ വൈകാരികമായ അനുഭവമായിരുന്നു. പ്രവർത്തകരുടെ നിസ്വാർഥ സേവനം കണ്ടപ്പോൾ ഇത് ഒരു ദൈവിക ജമാഅത്താണെന്നും കാലത്തിന്റെ ഖലീഫക്ക് അല്ലാഹുവിന്റെ സഹായവും പിന്തുണയും നേരിട്ട് ലഭിക്കുന്നുണ്ടെന്നും എനിക്ക് തോന്നി.

ഹുസൂർ പറയുന്നു: ആഗോള ബൈഅത്തും അന്യരെ സ്വാധീനിക്കുന്നു. ക്രൊയേഷൻ പാർലിമെന്റിലെ അസംബ്ലി മെമ്പർ ജൽസയിൽ പങ്കെടുത്തിരുന്നു. ആഗോള ബൈഅത്തിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു: ആഗോള ബൈഅത്ത് എന്നെ വളരെയധികം ആകർഷിച്ചിരിക്കുന്നു. ഞാൻ ക്രിസ്തുമതത്തിന്റെ ഫെയ്ത്‌ലീ കൺഫേമേഷൻ പരിപാടിയിൽ

പലവട്ടം പങ്കെടുത്തിട്ടുണ്ട്. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള ബൈഅത്തിൽ ഞാൻ കണ്ട വൈകാരികതയും കൂറും മതത്തിലുള്ള ആത്മാർഥതമായ ദൃഢബോധവും അദ്ഭുതകരമായ അനുഭവമായിരുന്നു. അതെനിക്ക് ജീവിതത്തിൽ മറക്കാനാവില്ല.

ഹുസൂർ പറഞ്ഞു: മാധ്യമങ്ങളുടെ ശ്രദ്ധയും ഇതിലേക്ക് ഉണ്ടായിരുന്നു. ജൽസയുടെ അന്തരീക്ഷത്തിന്റെ സ്വാധീനത്താൽ മാധ്യമങ്ങളും ഇപ്പോൾ ഇസ്‌ലാമിനെക്കുറിച്ച് ഒരുപാട് നല്ല വാർത്തകൾ നല്കാൻ നിർബന്ധിതരായിരിക്കുന്നു.

ബൊളീവിയ നേഷണൽ ന്യൂസ് ചാനലിന്റെ ജേണലിസ്റ്റ് തന്റെ പ്രതികരണം അറിയിച്ചു കൊണ്ട് പറയുന്നു: പാശ്ചാത്യരെ സംബന്ധിടത്തോളം ഇസ്‌ലാം സ്ത്രീകളെ പിന്നാക്കം ആണ് കൊണ്ടു പോകുന്നത്. അവർക്ക് യാതൊരു സ്ഥാനവും കല്പിക്കുന്നില്ല. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഉന്നത വിജയം കരസ്ഥമാക്കിയ വനിതകൾക്ക് ഉപഹാരം നല്കുന്നതാണ് ഞാനിവിടെ കണ്ടത്. ഓരോ സ്ത്രീയെയും വെവ്വേറെയായി വിളിക്കുന്നു. തിരിച്ചു ചെന്ന് ഇതിനെക്കുറിച്ച് പത്രത്തിൽ എഴുണമെന്ന കലശലായ ആഗ്രഹം എനിക്കുണ്ടായി. ലോകത്തെ ഏതെങ്കിലും നേതാവ് സ്ത്രീകളെ മാത്രം അഭിസംബോധന ചെയ്തുകൊണ്ട് പ്രസംഗിച്ചിട്ടുണ്ടോ? ഒരിക്കലുമില്ല.

ബൊളീവിയയിലെ പത്രപ്രവർത്തകൻ കാർലോസ് ജമിറിയാസ് സാഹിബ് പറയുന്നു: സമാധാനം സ്ഥാപിക്കാനുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ആവേശപൂർവമായ പ്രയത്നങ്ങളാണ് എന്നെ ഏറ്റവും അധികം ആകർഷിച്ചത്. ഈ സന്ദേശം ഇക്കാലത്ത് വളരെ അനിവാര്യവും അനുപേക്ഷണീയവുമാണ്.

ഹുസൂർ പറഞ്ഞു: ജൽസയുടെ അന്തരീക്ഷവും ഡ്യൂട്ടി നല്കുന്നവരുടെ പ്രഭാവവും നീതി ബോധമുള്ളവരെ ആകർഷിക്കുന്നു. ഡ്യൂട്ടി നല്കിയ എല്ലാവർക്കും അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ. ഇസ്‌ലാമിന്റെ ഈ നിശ്ശബ്ദ തബ്‌ലീഗിന്റെ ഭാഗമായി ഇതിൽ പങ്കെടു ത്തവർക്കും പ്രതിഫലം നല്കുമാറാകട്ടെ.

ഹുസൂർ പറഞ്ഞു: മാധ്യമങ്ങളും നല്ല കവറേജ് നല്കുകയുണ്ടായി. ജൽസ സാലാനയുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ 358 വാർത്തകൾ വന്നു. ഇപ്പോൾ അത് വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. കൃത്യമായ നിഗമനമനുസരിച്ച് 128 മില്യനിലധികം പേർക്ക് സന്ദേശമെത്തി. ആഫ്രിക്കയിൽ ജൽസ സാലാനയുടെ കവറേജ് ഉണ്ടായിരുന്നു. അവിടെ എംടിഎ കൂടാതെ മറ്റു 10 ചാനലുകളിൽ ജൽസയുടെ പരിപാടികൾ സംപ്രേഷണം ചെയ്തു. വിവിധ രാജ്യങ്ങളിലായി 150 മണിക്കൂർ ആണ് കവറേജ് നല്കിയത്.

നമ്മിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ എപ്പോഴും നാം നിർവഹിക്കുന്നവരാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കാൻ വേണ്ടി ദീനിനെ ദുനിയാവിനെക്കാൾ സദാ മുൻഗണന നല്കിക്കൊണ്ട് നാം നമ്മുടെ കടമകൾ നിർവഹിക്കുന്നവരാകട്ടെ.

ജുമുഅ ഖുതുബയുടെ അവസാനം ഹുസൂർ തിരുമനസ്സ് മൂന്ന് ജനാസ നമസ്കാരം ഗായിബ് നിർവഹിക്കുമെന്ന് വിളംബരം ചെയ്തു. ഒന്ന്, കേണൽ മിർസാ ദാവൂദ് അഹ്മദ് സാഹിബിന്റെ ഭാര്യയും അമത്തുൽ ഹഫീസ് ബീഗം സാഹിബയുടെയും നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെയും മകളുമായ സാഹിബ് സാദി സക്കിയ ബീഗം സാഹിബ. രണ്ട്, നസാറത്ത് ഇസ്‌ലാഹൊ ഇർശാദ് റബ്‌വയുടെ മുറബ്ബി താരിഖ് മസ്ഊദ് സാഹിബ്. മൂന്ന്, ഓസ്ട്രേലിയയിലെ മുൻ മിഷ്ണറി ഇൻചാർജ് ഷക്കീൽ അഹ്മദ് മുനീർ സാഹിബ്.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 04-08-17
Malayalam Translation : **Moulvi Mohammed Arif**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala